# ഇസ്‌ലാം –പ്രായോഗികം, പ്രബുദ്ധം, വിദഗ്ധം

രാഷ്ട്രത്തലവൻ മുതൽ ഏറ്റവും താഴ്ന്ന ഒരു പൗരനെ വരെ ബാധിക്കുന്ന മുഹമ്മദീയ നിയമം ലോകം കണ്ടതിൽവെച്ച് ഏറ്റവും പ്രബുദ്ധവും വിദഗ്ധവും ദീർഘദൃഷ്ടിയുള്ളതുമായ നിയമമത്രെ (The English orator and statesman: Edmund Bruke in his impeachment of Warren Hastings).

* * * * * *

ഇസ്‌ലാമിന്റെ സുന്ദരമായ ആദർശങ്ങളിലൊന്ന് അതിന്റെ നീതിബോധമാണ്. ഖുർആൻ പാരായണം ചെയ്തപ്പോൾ ചുറുചുറുക്കുള്ള ആ ജീവിത തത്ത്വങ്ങളെ ഞാൻ കാണുകയുണ്ടായി. അവ സാങ്കൽപിക മല്ല; മുഴു ലോകത്തിനും അനുയോജ്യമായ നിത്യജീവിതത്തെസ്സംബന്ധിക്കുന്ന പ്രായോഗിക ധർമങ്ങ ളാണ്

(Sarojini Naidu: Lectures on 'The Ideals of Islam'. Vide speeches and writings of Sarojini Naidu. Madras 1918. p. 167).

* * * * * *

അദ്ദേഹത്തിന്റെ (മുഹമ്മദിന്റെ) പരിഷ്കാരങ്ങൾ സ്ത്രീകളുടെ പദവി ഉയർത്തുകയുണ്ടായി എന്നത് സാർവത്രികമായി അംഗീകരിക്കപ്പെട്ട വസ്തുതയാണ് (H.A.R Gibb: Mohammadanism, London 1953 p. 33).

* * * * * *

മുഹമ്മദിന്റെ മതത്തെപ്പറ്റി ഉയർന്ന മതിപ്പാണ് എന്നും എനിക്കുള്ളത്. കാരണം അതിന്റെ വിസ്മ യാവഹമായ സജീവത്വം തന്നെ. ഏതു കാലത്തിനും അനുയോജ്യമാകുംവിധം മാറിവരുന്ന പരിതഃസ്ഥിതിക ളുമായി ഒത്തിണങ്ങിപ്പോകാൻ കെൽപുള്ള ഒരേയൊരു മതം അതത്രെ.

ഞാൻ പ്രവചിച്ചിട്ടുണ്ട്: മുഹമ്മദീയ വിശ്വാസം ഇന്നത്തെ യൂറോപ്പിന് എപ്രകാരം സ്വീകാര്യമാണോ അപ്രകാരം നാളത്തെ യൂറോപ്പിനും അത് സ്വീകാര്യമായിരിക്കും. അജ്ഞതകൊണ്ടോ മതദ്വേഷം നിമി ത്തമോ ഇരുണ്ട നിറത്തിലാണ് മധ്യകാലത്തെ ക്രൈസ്തവ പുരോഹിതന്മാർ മുഹമ്മദനിസത്തെ ചിത്രീ കരിച്ചിട്ടുള്ളത്. വാസ്തവത്തിൽ മുഹമ്മദ് എന്ന മനുഷ്യനെയും അദ്ദേഹത്തിന്റെ വിശ്വാസത്തെയും വെറു ക്കാൻ പരിശീലനം നൽകപ്പെട്ടവരാണ് അവർ. മുഹമ്മദ് ക്രിസ്തുവിരോധിയാണ് അവരെ സംബന്ധിച്ചേ ടത്തോളം. അദ്ദേഹത്തെ, ആ അത്ഭുത മനുഷ്യനെപ്പറ്റി ഞാൻ പഠിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ ക്രിസ്തുവിരോധി എന്നല്ല മനുഷ്യവിമോചകൻ എന്നാണ് അദ്ദേഹത്തെ വിളിക്കേണ്ടത്. അദ്ദേഹത്തെ പ്പോലൊരുത്തൻ ആധുനിക ലോകത്തിന്റെ ആധിപത്യം വഹിക്കുകയാണെങ്കിൽ അവശ്യമായ സമാധാ നവും സന്തോഷവും സ്ഥാപിച്ചുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അയാൾ വിജയം വരിക്കുന്ന താണ്. യൂറോപ്പ് മുഹമ്മദീയ വിശ്വാസത്തെ പുൽകാൻ തുടങ്ങുകയാണ്. അടുത്ത നൂറ്റാണ്ടിൽ യൂറോപ്പ് അതിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇസ്‌ലാമിനുള്ള കഴിവ് അംഗീകരിക്കാൻ കൂടുതൽ മുന്നോട്ടു വരുന്നതാണ്('A collection of writings of some of the eminent scholars' published by the Working Muslim Mission 1935, edition p. 77).